## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5429.** **06.07.2012-ൽ മറുപടിയ്ക്ക്**

## ശീതള പാനീയങ്ങളിൽ ചെറിയ ജീവികളുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയ സംഭവം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിതരണം ചെയ്ത ശീതള പാനീയങ്ങളിൽ ചെറിയ ജീവികളുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയ കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | ആരോഗ്യത്തിന് ഹാനികരമാകുന്നതും കുടിക്കാൻ യോഗ്യമല്ലാത്തതുമായ ഇത്തരം പാനീയങ്ങൾ നിർമ്മിക്കുന്ന കമ്പനികളെ കണ്ടുകെട്ടുന്നതിനും നിരോധിക്കുന്നതിനും കർശന നടപടികൾ സ്വീകരിക്കുമോ; | (ബി) | ആരോഗ്യത്തിന് ഹാനികരമാകുന്നതും കുടിക്കാൻ യോഗ്യമല്ലാത്തതുമായ ഉൽപ്പന്നങ്ങളുടെ കച്ചവടം നിർത്തി വയ്ക്കാനുള്ള പ്രാഥമിക നോട്ടീസ് നൽകുവാൻ ഉത്തരവിട്ടിട്ടുണ്ട്. |
| (സി) | വിവിധ ബ്രാൻഡുകളിൽ വിതരണം ചെയ്യുന്ന കുപ്പികളിലെ വെള്ളത്തിന്റെയും ശീതള പാനീയങ്ങളുടെയും ഗുണനിലവാരം ഉറപ്പു വരുത്താൻ പ്രത്യേക പരിശോധക സംഘത്തെ നിയമിക്കുമോ; | (സി) & (ഡി) | ഫുഡ്സേഫ്റ്റി കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും ഇത്തരത്തിലുള്ള പരാതി പരിശോധിക്കുവാൻ അധികാരമുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം, |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | കോഴിക്കോട് എന്നിവിടങ്ങളിൽ പ്രത്യേക വിജിലൻസ് സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ